തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# മാരക ലഹരി മരുന്നായ എം.ഡി.എം.എ-യുമായി ഒരാൾ പിടിയിൽ

# ഒരു ലക്ഷം രൂപയുടെ നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടി

കോവിഡ്-19

## വിലക്ക് ലംഘനം: 109 പേർക്കെതിരെ നിയമനടപടി 28,500/- രൂപ പിഴ ഈടാക്കി

### മാരക ലഹരിമരുന്നായ എം.ഡി.എം.എ-യുമായി ഒരാൾ പിടിയിൽ

തിരുവനന്തപുരം:- മാരകമായ ലഹരിവസ്തുവായ എം ഡി എം എ എന്ന മയക്കമരുന്നുമായി ഒരാളെ സിറ്റി പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപള്ളി ഈസ്റ്റ് വാർഡിൽ വട്ടവത്ത് ക്ഷേത്രത്തിന് സമീപം മരപ്പാലം ആറ്റരികത്തുവീട്ടിൽ അരുൺ (22)-നെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളിൽ



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത
അരുൺ (22)

നിന്നും വിൽപനക്കായി സൂക്ഷിച്ചിരുന്ന 5 ഗ്രാം എം ഡി എം എ യും പോലീസ് കണ്ടെടുത്തു. ചെറിയ അളവിൽ ഉപയോഗിച്ചാലും

വളരെ നേരത്തേക്ക് ലഹരി ലഭിക്കുന്ന എം ഡി എം എ മയക്കുമരുന്ന്, ചില ആഡംബര ഹോട്ടലുകളിലും രഹസ്യ കേന്ദ്രങ്ങളിലും നിശാ പാർട്ടികൾക്കാണ് സാധാരണ ഉപയോഗിക്കുന്നത്. പിടിയിലായ അരുൺ, എം ഡി എം എ, എൽ.എസ്.ഡി തുടങ്ങിയ ഇത്തരത്തിലുള്ള ലഹരിമരുന്നുകൾ ബംഗളൂരുവിൽ നിന്നും വാങ്ങി വൻ വിലയ്ക്ക് കോവളം കേന്ദ്രീകരിച്ച് ടൂറിസ്റ്റുകൾക്കും നഗരത്തിലെ ചില സമ്പന്നരായ കോളേജ് വിദ്യാർത്ഥികൾക്കുമിടയിലാണ് വിൽപ്പന നടത്തുന്നത്. ഒരു ഗ്രാമിന് 3000 മുതൽ 5000 രൂപ വരെ ആവശ്യക്കാരിൽ നിന്നും ഈടാക്കിയാണ് വിൽപ്പന. ക്രിസ്തുമസ്സ്-ന്യൂ-ഇയർ പ്രമാണിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം കഴിഞ്ഞ 18 മുതൽ സിറ്റി പോലീസ് നടത്തിവരുന്ന നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായുള്ള അന്വേഷണത്തിലാണ് മുട്ടത്തറ പാലത്തിന് സമീപത്തുനിന്നും ഇയാൾ പിടിയിലായത്. ഇയാളുടെ ഫോൺ നമ്പർ കേന്ദ്രീകരിച്ച് കൂടുതൽ അന്വേഷണം നടത്തി ഇത്തരത്തിലുള്ള മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരേയും വിൽപ്പന സംഘങ്ങളെയും കണ്ടെത്തുവാൻ നടപടി തുടങ്ങിയതായി ഡെപ്യൂട്ടി കമ്മീഷണർ ഡോ. ദിവ്യ വി. ഗോപിനാഥ് അറിയിച്ചു. നാർക്കോട്ടിക് സെൽ അസ്സിസ്റ്റന്റ് കമ്മീഷണർ ഷീൻ തറയിലിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് എസ്.എച്ച്.ഒ രാകേഷ്, എസ്.ഐ വിമൽ, ഡാൻസാഫ് ടീം അംഗങ്ങളായ എസ്.ഐ ഗോപകുമാർ,എ.എസ്.ഐ ബാബു, എസ്.സി.പി.ഒ മാരായ സജികുമാർ, ഷിബു, വിനോദ്, നാജി ബഷീർ, അരുൺ, രഞ്ജിത്ത്, ഷിബു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## ഒരു ലക്ഷം രൂപയുടെ നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടി

തിരുവനന്തപുരം നഗരത്തിൽ ഒരു ലക്ഷം രൂപയോളം വില വരുന്ന പുകയില ഉല്പന്നങ്ങൾ പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. കുമരിച്ചന്ത സ്വദേശിയായ ഫൈസൽഖാനാണ് നിരോധിത പുകയില ഉല്പന്നങ്ങൾ കച്ചവടത്തിനായി വൻതോതിൽ ശേഖരിച്ചത്. ഇതിന്റെ സൂക്ഷിപ്പുകാരനായ ഉത്തർപ്രദേശ്, ബഡാവൂൻ ജില്ലയിൽ നയീബാസ്തി സ്വദേശിയായ ഷുഹൈൽ അഹമ്മദ് പോലീസ് പിടിയിലായിട്ടുണ്ട്. ക്രിസ്തുമസ്സ്-ന്യൂ-ഇയർ പ്രമാണിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം കഴിഞ്ഞ 18 മുതൽ സിറ്റി പോലീസ് നടത്തിവരുന്ന നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായുള്ള അന്വേഷണത്തിലാണ് പരുത്തിക്കുഴി ഭാഗത്ത് നിന്നും പുകയില ഉല്പന്നങ്ങൾ പിടികൂടിയത്. കുമരിച്ചന്ത – പരുത്തിക്കുഴി സർവ്വീസ് റോഡിൽ എസ്.ആർ പഞ്ചർ കടയുടെ മുകളിലായി ഷീറ്റ് മേഞ്ഞ കെട്ടിടത്തിലാണ് 11 ചാക്കോളം നിരോധിത പുകയില ഉല്പന്നങ്ങൾ വിൽപനയ്ക്കായി സൂക്ഷിച്ചിരുന്നത്. പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ-മാരായ അനൂപ് ചന്ദ്രൻ, നോബർട്ട്, എസ്.സി.പി.ഒ-മാരായ പാടിക്, മനു, സി.പി.ഒ വിമൽ എന്നിവരാണ് പരിശോധനയ്ക്കും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (26-12-2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 109 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക്

ലംഘനം നടത്തിയ 40 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 55 പേരിൽ നിന്നും സാമൂഹികഅകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 28,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 10 വാഹനങ്ങൾക്കെതിരെയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ തുറന്ന് പ്രവർത്തിച്ച 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
26-12-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി